ഉത്തരം

(എ&ബി) സ.ഉ.(സാധാ) നമ്പർ 3937/13 തീയതി 25-11-2013 പ്രകാരം നെന്മാറ സി.എച്ച്.സി.-യെ ഇരുപത്തിനാല് മണിക്കൂർ പ്രവർത്തനക്ഷമമാക്കുന്നതിന് പെരിഞ്ഞോട്ടുകുറിശ്ശി പി.എച്ച്.സി.യിൽനിന്നും രണ്ട് അസിസ്റ്റന്റ് സർജൻമാരുടെ തസ്തികയും കാവശ്ശേരി പി.എച്ച്.സി.യിൽനിന്നും ഒരു അസിസ്റ്റന്റ് സർജന്റ് തസ്തികയും നെന്മാറ സി.എച്ച്.സി. യിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. സ.ഉ. (സാധാ).നമ്പർ 1669/14 ആ.കു.വ. തീയതി 26-5-2014 പ്രകാരം സി.എച്ച്.സി. നെന്മാറയെ സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ 24x7 പി.എച്ച്.സി. കളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസലിൽ കൊല്ലങ്കോട് പി.എച്ച്.സി.യെയും ഉൾപ്പെടുത്തുന്നതാണ്.

ക്ഷയരോഗ നിയന്ത്രണത്തിനുള്ള പദ്ധതി

36 (4319) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് ക്ഷയരോഗ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ക്ഷയരോഗ നിർണ്ണയത്തിനായി പ്രവർത്തിക്കുന്ന സെന്ററുകളുടെ വിശദാംശം പ്രസിദ്ധപ്പെടുത്തുമോ; താലൂക്ക് ആസ്ഥാനങ്ങളിൽ ഇത്തരം സെന്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടി.ബി. രോഗ ബാധിതർക്കായി മരുന്നെത്തിക്കുന്ന ഡോട്ട്സ് പ്രൊവൈഡേഴ്സിന് വകുപ്പ് നൽകുവാനുള്ള കുടിശ്ശിക തുക എത്രയെന്ന് വിശദമാക്കുമോ;

(ഡി) ടി.ബി. രോഗികൾക്ക് നൽകിവരുന്ന സൗജന്യ സേവനങ്ങൾ ചുരുക്കി വിശദമാക്കുമോ?

ഉത്തരം

(എ) പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി (ആർ.എൻ.ടി.സി.പി.) യാണ് ക്ഷയരോഗ നിയന്ത്രണത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ, സ്റ്റേറ്റ് ടി.ബി. ഓഫീസറുടെ കീഴിൽ 14 ജില്ലാ ടി.ബി. സെന്ററുകളും ഓരോ ജില്ലയിലും 5 ലക്ഷം ജനസംഖ്യയ്ക്ക് ഓരോ ടി.ബി. യൂണിറ്റുകൾ, പ്രൈമറി ഹെൽത്ത് സെന്ററുകൾ, കഫ പരിശോധനയ്ക്കായി ഒരു ലക്ഷം ജനസംഖ്യയ്ക്ക് ഒരു മെഡിക്കൽ ലബോറട്ടറി മുതലായവ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൾ നേരിട്ടുള്ള നിരീക്ഷണത്തിൽ നൽകുന്ന ഡോട്സ് സമ്പ്രദായത്തിലൂടെയാണ് ചികിത്സ നൽകുന്നത്.

ക്ഷയരോഗികൾക്ക് മരുന്ന് നൽകാനായി രോഗികൾക്ക് സൗകര്യപ്രദമായ ചികിത്സാദായകരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഓരോ ജില്ലയിലും ആശാവർക്കർമാർ, സന്നദ്ധ സംഘടനകൾ, അങ്കണവാടികൾ മുതലായവയിലെ പ്രവർത്തകർ ഡോട്സ് ചികിത്സാദായകരായി പ്രവർത്തിച്ചുവരുന്നു. കൂടാതെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളെല്ലാം തന്നെ ഡോട്സ് സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. ടി.ബി. രോഗികളെ കിടത്തി ചികിത്സിക്കുവാനായി തിരുവനന്തപുരത്തും കോഴിക്കോടും ഡി.ആർ.ടി.ബി. സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) എല്ലാ ജില്ലകളിലും ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഒന്നാംനിര ടി.ബി. ചികിത്സയ്ക്ക് പ്രതികരിക്കാത്ത രോഗികൾക്ക് റെസിസ്റ്റന്റ് ടി.ബി. ആണോ എന്ന് പരിശോധിക്കുന്നതിലേയ്ക്കായി ഇന്റർ മീഡിയറ്റ് റഫറൻസ് ലബോറട്ടറി സ്റ്റേറ്റ് ടി.ബി. സെല്ലിൽ പ്രവർത്തിച്ചുവരുന്നു. മൾട്ടി ഡ്രഗ് റസിസ്റ്റന്റ് (എം.ഡി.ആർ.) ടി.ബി. ഉള്ളവരായി കണ്ടെത്തുന്ന രോഗികൾക്ക് എം.ഡി.ആർ. ചികിത്സ തുടങ്ങിവയ്ക്കുന്നതിലേയ്ക്കായി തിരുവനന്തപുരത്ത് പുലയനാർ കോട്ടയിലും കോഴിക്കോട് നെഞ്ചുരോഗ ആശുപത്രിയിലും ഡി.ആർ.ടി.ബി. സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

താലൂക്ക് തലത്തിൽ അഞ്ച് ലക്ഷം ജനസംഖ്യക്ക് ഒരു ടി.ബി. യൂണിറ്റ് വീതവും ഒരു ലക്ഷം ജനസംഖ്യയ്ക്ക് കഫ പരിശോധനാ കേന്ദ്രം (ഡി.എം.സി.) വീതവും സി.എച്ച്.സി.കളിലും പി.എച്ച്.സി. കൾ ഡോട്സ് സെന്ററുകളായി പ്രവർത്തിച്ചുവരുന്നു. ടി.ബി. യൂണിറ്റുകൾ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. മാത്രമല്ല എല്ലാ ടി.ബി. യൂണിറ്റുകളേയും കമ്പ്യൂട്ടർ ശൃംഖലയിലേയ്ക്ക് കൊണ്ടുവരുന്ന പ്രവർത്തനം നടന്നുവരികയാണ്.

(സി) 40,81,750 രൂപയാണ് ടി.ബി. രോഗബാധിതർക്കായി മരുന്നെത്തിക്കുന്ന ഡോട്സ് പ്രൊവൈഡേഴ്സിന് വകുപ്പ് നൽകുവാനുള്ള കുടിശ്ശികയുള്ളത്.

(ഡി) കഫ പരിശോധന, എം.ഡി.ആർ/എക്സ്.ഡി.ആർ. ടി.ബി.ക്കുള്ള കൾച്ചർ പരിശോധന, ടി.ബി./എം.ഡി.ആർ./എക്സ്.ഡി.ആർ. എന്നിവയ്ക്കുള്ള മരുന്നുകളും പുതുക്കിയ ക്ഷയരോഗ പരിപാടിയിലൂടെ സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. എം.ഡി.ആർ.ടി.ബി. ക്ഷയരോഗികൾക്ക് തുടർ ചികിത്സയ്ക്കായി ഡി.ആർ.ടി.ബി. സെന്ററുകളിലേയ്ക്ക് യാത്രാചെലവ് നൽകിവരുന്നു. റവന്യൂ വകുപ്പ് വഴി ചികിത്സാ കാലയളവിൽ ക്ഷയരോഗികൾക്ക് പെൻഷൻ നൽകിവരുന്നു. ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി അതത് ജില്ലകളിലെ ക്ഷയരോഗികൾക്ക് നൽകുന്നതിനുള്ള ന്യൂട്രീഷണൽ സപ്പോർട്ട് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ഫണ്ട് നോൺ പ്ലാൻ ഫണ്ട് വഴിയും അർഹരായ രോഗികൾക്ക് ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly